# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 371　　　　15.07.2015 - ൽ മറുപടിയ്ക്ക്

## നദീസംയോജന പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പി. സി. വിഷ്ണുനാഥ് | | **പി. ജെ. ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) പശ്ചിമഘട്ട മലനിരകളുടെ തളർച്ചയും പരിസ്ഥിതിക്ക് ദോഷം വരുത്തുന്നതും ശുദ്ധജല ദൗർലഭ്യത്തിന് കാരണമാകുന്നതുമായ നദീസംയോജന പദ്ധതി കേരളത്തിൽ നടപ്പിൽ വരുത്താതിരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) കേരളത്തിലെ ഏതെല്ലാം നദികളെ പദ്ധതിയിൽ ഉൾപ്പെടുത്താനാണ് കേന്ദ്ര ജല വിഭവവകുപ്പ് നടപടി തുടങ്ങിയിട്ടുള്ളത്; | (എ) യും (ബി) യും | സംസ്ഥാനത്തിന് പ്രയോജനപ്രദമല്ലാത്തതും ശുദ്ധജല ദൗർലഭ്യത്തിന് കാരണമാകുന്നതുമായ നദീസംയോജന പദ്ധതി കേരളത്തിൽ നടപ്പാക്കേണ്ടതില്ലായെന്നുള്ള ഉറച്ച നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. നദീസംയോജന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ പമ്പ, അച്ചൻകോവിൽ, എന്നീ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി സംയോജിപ്പിക്കുവാൻ ദേശീയജലവികസന ഏജൻസി ഉദ്ദേശിച്ചിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലായാൽ മധ്യതിരുവിതാംകൂറിൻെറ പരിസ്ഥിതി സന്തുലനം തകരാറിലാകുമെന്നും പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ കുടിവെള്ളക്ഷാമം അനുഭവ പ്പെടുമെന്നും പെരിയാറിന്റെ കീഴ്ത്തടങ്ങളിൽ ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നും കുട്ടനാട്ടിലെ നെൽകൃഷിയെ പ്രസ്തുത പദ്ധതി ദോഷകരമായി ബാധിക്കുമെന്നും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ; പമ്പ - അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതിനോടുള്ള സംസ്ഥാനത്തിന്റെ |

വിയോജിപ്പ് സാദ്ധ്യമായ എല്ലാ വേദികളിലും കാര്യകാരണസഹിതം വ്യക്തമാക്കിയിട്ടുണ്ട്. ദേശീയജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിലും; കേന്ദ്രജലവിഭവവകുപ്പ് മന്ത്രി വിളിച്ച ചേർത്ത 21.11.2014-ലെ യോഗത്തിലും പങ്കെടുക്കവേ സംസ്ഥാന ജലവിഭവവകുപ്പ് മന്ത്രിയും; പമ്പ - അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതിലുള്ള കേരളത്തിന്റെ എതിർപ്പ് കാര്യകാരണ സഹിതം ആവർത്തിച്ച വ്യക്തമാക്കിയിട്ടുണ്ട്.

(സി) നദീസംയോജനം സംബന്ധിച്ച് ഏതെല്ലാം വിധത്തിലുള്ള പഠനങ്ങളാണ് ഇതുവരെ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(സി) പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി കേരളത്തെ എപ്രകാരം ദോഷകരമായി ബാധിക്കുമെന്നതിനെക്കുറിച്ച് വിലയിരുത്തുന്നതിനായി ഡൽഹിയിലെ- ഐ.ഐ.ടി, കോഴിക്കോട്ടുള്ള സി.ഡബ്ല്യൂ.ആർ.ഡി.എം. (CWRDM) എന്നീ വിദഗ്ധ ഏജൻസികളെക്കൊണ്ട് പഠനം നടത്തുന്നതിനുള്ള നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടുകൾ പ്രകാരം പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ അധികജലം ഇല്ലായെന്നുള്ള കേരളത്തിന്റെ വാദം ശരിയാണെന്നും, പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി കേരളത്തിന് ഒട്ടും പ്രയോജനപ്രദമല്ലെന്നും പ്രസ്തുത പദ്ധതി നടപ്പിലായാൽ സംസ്ഥാനത്ത് ഗുരുതരമായ പരിസ്ഥിതി പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് നദീസംയോജന പദ്ധതി കേരളത്തിന് ഗുണകരമല്ലായെന്നുള്ള നിലപാടിൽ ഉറച്ച് നിന്നുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ